## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4004 31/01/2014-ൽ മറുപടിക്ക്

### അട്ടപ്പാടി ആദിവാസി മേഖലയിൽ പദ്ധതി നടത്തിപ്പിലെ വീഴ്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീമതി. കെ.എസ്. സലീഖ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലാക്കാത്തതിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | അട്ടപ്പാടിയിൽ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ കുട്ടികൾക്കും മറ്റുമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അട്ടപ്പാടി മേഖലയിലെ അങ്കനവാടികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | കുറുംബ ആദിവാസി ഊരുകളുടെ വികസനത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച 148 കോടി രൂപയുടെ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ഉണ്ട്. കേരളത്തിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ സർവ്വതോമുഖമായ ക്ഷേമത്തിനായി 13-ാമത് ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ (2011-15 വർഷങ്ങളിൽ) വിനിയോഗിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അട്ടപ്പാടിയിൽ അധിവസിക്കുന്ന കുറുംബ വിഭാഗത്തിൽ പ്പെട്ടവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഭവന നിർമ്മാണം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതികൾ, റോഡ് നിർമ്മാണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, അംഗനവാടികൾ, എന്നിവ ഇതിൽപ്പെടുന്നു. |

സെക്ഷൻ ഓഫീസർ